

# കാട്ടൂർ സെന്റ് മേരീസ് ഇടവക

പുരാതനമായ ചെറിയൊരു ക്രൈസ്തവ സമൂഹം കാട്ടൂർ ദേശത്ത് നിലവിലുണ്ടായിരുന്നുവെന്ന് കരുതപ്പെടുന്നു. 18-ാം നൂറ്റാണ്ടിൽ കൊച്ചി രാജ്യം ഭരിച്ചിരുന്ന പെരുമ്പടപ്പ് സ്വരൂപം കാർഷികപ്രവർത്തനങ്ങൾക്കുവേണ്ടി ഏതാനും ക്രൈസ്തവരെ കുടിയിരുത്തുകയുണ്ടായി. ഇവരുടെ പുരോഗതി മനസ്സിലാക്കി 19-ാം നൂറ്റാണ്ടിൽ കൂടുതൽ പേർ കുടിയേറിപ്പാർത്തു. അക്കാലത്ത് സമീപസ്ഥമായ എടത്തിരുത്തിയിലും അതിനുമുമ്പ് ഏനാമാവ്, പഴുവിൽ എന്നിവിടങ്ങളിലുമാണ് ദൈവാലയങ്ങൾ ഉണ്ടായിരുന്നത്. ഇങ്ങനെയിരിക്കെ സൗകര്യാർത്ഥം കാട്ടൂർ പ്രദേശത്തുതന്നെ ഒരു ദൈവാലയത്തിന് തുടക്കം കുറിക്കുന്നതിന് നേതൃത്വം നല്കിയത് ആലപ്പാട്ട് പാലത്തിങ്കൽ ലോനയുടെ മകനായ ആലപ്പാട്ട് അന്തോണി കത്തനാരാണ്. ഇവിടെ നിലനിന്ന "സമൂഹ"ങ്ങളുടെ ഊഷ്മളമായ പിന്തുണയും പ്രചോദനവും അദ്ദേഹത്തിന് ശക്തിപകർന്നു.

## കുരിശുപള്ളി

1851 ആഗസ്റ്റ് 10-ാം തിയ്യതിയാണ് അദ്ദേഹം തീർത്തും പരിമിതമായ സൗകര്യങ്ങളോടുകൂടി ആദ്യമായി കാട്ടൂരിൽ ബലിയർപ്പിച്ചത്. പിന്നീട് 1854ലാണ് ഡച്ചു വാസ്തുശില്പ ചാതുരിയോടുകൂടിയ മനോഹരമായ പഴയ പള്ളി പണിതത്. അതുകൊണ്ടാണ് ദൈവാലയസ്ഥാപനം 1854-ൽ എന്ന് ഔദ്യോഗിക രേഖകളിൽ കൊടുത്തിരിക്കുന്നത്. 1851ൽ തൃശ്ശൂരിൽവച്ച് തീപ്പെട്ട രാമവർമ്മ തമ്പുരാൻ ആണ് കുരിശുപള്ളി സ്ഥാപിച്ച് ആരാധന നടത്താൻ അനുവാദം നല്കിയത്. പിന്നീട് കാശിയിൽ തീപ്പെട്ട രാമവർമ്മ തമ്പുരാൻ ആദ്യത്തെ വലിയ പള്ളിക്ക് തീട്ടൂരവും നല്കി. പരി. അമലോത്ഭവ മാതാവിന്റെ നാമധേയത്തിൽ പ്രതിഷ്ഠിതമായ പള്ളി പൗരസ്ത്യ പാരമ്പര്യമനുസരിച്ച് അൾത്താരയും മദുബഹായും കിഴക്കുഭാഗത്തായും പടിഞ്ഞാറു ഭാഗത്ത് മുഖവാരവും ആയിട്ടാണ് രൂപകല്പന ചെയ്ത് പണിതത്. പുരാതന സുറിയാനി ദേവാലയങ്ങളുടെ മദുബഹാ ക്രമപ്രകാരം വിരിയോടുകൂടി ഉപയോഗിക്കാവുന്ന വിധത്തിലും ആയിരുന്നു.

കരാഞ്ചിറയിൽ താമസിച്ചിരുന്ന ക്രൈസ്തവരുടെ ശ്രമഫലമായി 1875-ൽ അവിടത്തെ പള്ളി നിർമ്മാണം പൂർത്തിയായി. ഇതോടെ കാട്ടൂർ ഇട



പുരാതന ദേവാലയം

വകയുടെ അംഗസംഖ്യയിൽ ഗണ്യമായ കുറവ് സംഭവിച്ചു.

## ദർശനസഭ

തൃശ്ശൂർ വികാരിയാത്തിന്റെ വികാരി അപ്പസ്തോലിക്കയായ മാർ അഡോൾഫ് മെഡ്ലിക്കോട്ടിന്റെ അനുമതി പ്രകാരം 1895-ൽ കാട്ടൂർ ഇടവകയിൽ പരി. അമലോത്ഭവ മാതാവിന്റെ ദർശനസഭ (കൊമ്പ്രിയാ) സ്ഥാപിതമായി. ദേവാലയത്തിന്റെയും ഇടവകയുടെയും പുരോഗതിക്ക് ദർശനസഭ നിസ്തുലമായ പങ്ക് വഹിച്ചിട്ടുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭഘട്ടത്തിൽ ഒരു പള്ളിക്കൂടവും ഇവിടെ നിലനിന്നിരുന്നു.

## പള്ളി, സിമിത്തേരി, നടപ്പുര

ആദ്യത്തെ ശ്മശാനം സ്ഥിതിച്ചെയ്തിരുന്നത് പഴയ പള്ളിയുടെ തെക്കുവശത്ത് പാചകപ്പുരയുടെ വടക്കുഭാഗത്തായിരുന്നു. തെക്കുഭാഗത്ത് സംസ്കരിക്കുക എന്ന ഹൈന്ദവസങ്കല്പം ഇതിനു പുറകിലുണ്ടായിരുന്നോ എന്ന് വ്യക്തമല്ല. പിന്നീടാണ് സിമിത്തേരി വടക്കുഭാഗത്തേക്ക് മാറ്റിയത്. മേല്ക്കൂരയോടുകൂടി സിമിത്തേരി നിർമ്മിതമായത് 1918ലാണ്. വർഷങ്ങളോളം ദേവാലയത്തിന്റെ നടപ്പുര ഓലകെട്ടിമേയുന്ന വിധത്തിലായിരുന്നു. 1917-ൽ കരാഞ്ചിറ ഇടവകക്കാരനും കാട്ടൂർ വികാരിയുമായിരുന്ന ബഹു. പോൾ ആലപ്പാട്ട് അച്ചന്റെ നേതൃത്വത്തിൽ ഓടു മേഞ്ഞ് നടപ്പുര നിർമ്മിക്കപ്പെട്ടു.

സമാദരണീയനും പ്രഗത്ഭനുമായിരുന്ന മടമ്പടി ബഹു. ഗീവർഗ്ഗീസ് അച്ചൻ വികാരിയായിരുന്ന കാലത്ത് തൃശ്ശൂർ രൂപതയുടെ ഇടവകകളിൽ രണ്ടാമത്തേതായി കാട്ടൂർ ഇടവകയിൽ 1919 മെയ് 11-ന് മരിയ സഖ്യം (ഇന്നത്തെ സി. എൽ.സി.) സ്ഥാപിതമായി. വി. കൊച്ചുത്രേസ്യായുടെ നാമത്തിലുള്ള കപ്പേള റവ. ഫാ. ജോസഫ് കയ്യാലകത്തിന്റെ നേതൃത്വത്തിൽ 1928 സെപ്തംബർ 30-ന് പണികഴിച്ച് ആശീർവ്വദിച്ചു.

## സ്വയംവര ബലിപീഠം

ഒരു നൂറ്റാണ്ട് പിന്നിട്ട കാട്ടൂർ പള്ളിയുടെ ശതാബ്ദി ജൂബിലി ആഘോഷങ്ങൾ 1952 മേയ് 18-ന് വികാരി റവ. ഫാ. ജേക്കബ് മഞ്ഞളിയുടെ നേതൃത്വത്തിൽ ആഘോഷിച്ചു. ജൂബിലി സ്മാരകമായി പള്ളിയുടെ പ്രധാന ബലിപീഠത്തെ, ഈ പള്ളിയിൽ ദിവ്യപൂജയിൽ പങ്കുകൊള്ളുന്നവർക്ക് “പാപവിമോചനോപാധികൾ” നല്കുന്ന സ്വയംവര ബലിപീഠമാക്കി ഉയർത്തിയത് അന്നത്തെ വത്തിക്കാൻ പ്രതിനിധി മോൺ. ഡോ. ലിയോ പി. കിയെർക്കെൽസ് ആണ്.

## മതബോധന ഹാൾ, ജൂബിലി ഹാൾ

ഇടവകക്കാരുടെ ചിരകാലാഭിലാഷമായിരുന്ന കാറ്റകിസം ഹാളിന്റെ നിർമ്മാണം 1990-ൽ പൂർത്തിയായി. റവ. ഫാ. ഫ്രാൻസീസ് കൊടിയനാണ് ഈ സംരംഭത്തിന് നേതൃത്വം നല്കിയത്. ജൂബിലി ഹാളിന്റെ നിർമ്മാണവും സ്മരണിക പ്രസിദ്ധീകരണവും ബഹു. ബെന്നി കരുമാലിക്കലച്ചന്റെ കാലത്തായിരുന്നു.



മതബോധന ഹാൾ



ജൂബിലി ഹാൾ



തിരുഹൃദയ സ്തംഭം

## നവീന ദേവാലയം

കാട്ടൂരിലെ ദേവാലയം പുനർനിർമ്മിക്കുകയെന്ന ആശയം 1990 കളിലെ ആദ്യ വർഷങ്ങളിൽ ഉയർന്നുവരുകയുണ്ടായി. രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ കൽപനാനുസരണം 1996-ൽ ബഹു. തോമസ് താടിക്കാരനച്ചന്റെ നേതൃത്വത്തിലാണ് പുരാതന ദേവാലയം പൊളിച്ച് പുനർനിർമ്മാണം ആരംഭിച്ചത്. ഇപ്രകാരം ആധുനിക വാസ്തു ശില്പകലാരീതിയിൽ രൂപകല്പന ചെയ്ത് ബഹു. സെബാസ്റ്റ്യൻ വലിയവീട്ടിലച്ചന്റെ നേതൃത്വത്തിൽ പുതിയ ദേവാലയത്തിന്റെ പണി പൂർത്തീകരിച്ച് 1998 ജനുവരി 28-ന് തൃശ്ശൂർ അതിരൂപത മുൻ മെത്രാപ്പോലീത്ത മാർ ജോസഫ് കുണ്ടുകുളം, ഇരിങ്ങാലക്കുട രൂപത മെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ, താമരശ്ശേരി രൂപത മെത്രാൻ മാർ പോൾ ചിറ്റിലപ്പിള്ളി എന്നിവരുടെ സാന്നിധ്യത്തിൽ തൃശ്ശൂർ അതിരൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് തൂങ്കുഴി കൂദാശാകർമ്മം നടത്തി.

പിന്നീട്, വി. കൊച്ചുത്രേസ്യയുടെ കപ്പേള റോഡ് ജംഗ്ഷനിലേക്ക് നീക്കി പുനർനിർമ്മിക്കുകയും ചെയ്തു. 1996-ൽ ഇടവകയിൽ എട്ട് കുടുംബ സമ്മേളന യൂണിറ്റുകൾ രൂപീകൃതമായി. 2001 ജൂൺ 23-ന് വികാരി റവ. ഫാ. ജോസഫ് തെക്കേത്തല ചെയർമാനായി വെരി. റവ. മോൺസിഞ്ഞോർ അപ്രേം പാലത്തിങ്കൽ മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റ് സ്ഥാപിതമായി. ട്രസ്റ്റിന്റെ പ്രവർത്തന പരിധിയിലെ എല്ലാ കുടുംബങ്ങൾക്കും ആദ്ധ്യാത്മികവും ധാർമ്മികവും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ വളർച്ചയ്ക്ക് സേവനവും സഹായവും നല്കി ട്രസ്റ്റ് ആശാവഹമായി പ്രവർത്തിച്ചുവരുന്നു.

## സാമൂഹ്യ പ്രതിബദ്ധത

കാട്ടൂർ പ്രദേശത്തിന്റെ സാമൂഹ്യ-സാംസ്കാരിക അഭിവൃദ്ധി ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളിൽ കാട്ടൂർ പള്ളിയും ഇടവകക്കാരും എന്നും മുൻപന്തിയിലാണ്. ഒരു രജിസ്ട്രാർ ഓഫീസ് സ്ഥാപിക്കുകയും നിലനിർത്തുകയും ചെയ്തുകൊള്ളാമെന്ന കൊച്ചി രാജഭരണകൂടത്തിന്റെ ഉറപ്പിന്മേൽ ഇന്നാട്ടുകാരുടെയും അയൽ ഗ്രാമവാസികളുടെയും സൗകര്യത്തിനുവേണ്ടി കാട്ടൂർ പള്ളി സൗജന്യമായി വിട്ടുകൊടുത്ത സ്ഥലത്താണ് കാട്ടൂരിലെ രജിസ്ട്രാർ ഓഫീസിനുവേണ്ടി ഗവണ്മെന്റ് കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. 1937 ആഗസ്റ്റ് 29-ന് ഉദ്ഘാടനം ചെയ്യപ്പെട്ട ഈ മന്ദിരം ഫലത്തിൽ ഇന്നൊരു മിനി സിവിൽ സ്റ്റേഷൻ ആണ്. കാട്ടൂർ ബസാർ-തേക്കുംമൂല റോഡിനെ രജിസ്ട്രാർ ആഫീസിനരികിൽ കൂടി പറയംകടവ് റോഡുമായി ബന്ധപ്പെടുത്തുന്ന ഇന്നത്തെ ചർച്ച് റോഡിന്റെ നിർമ്മിതിക്കായി ഭൂരിഭാഗം സ്ഥലവും സൗകര്യങ്ങളും നല്കിയിട്ടുള്ളതും ഈ പള്ളിയാണ്. നാല് ദശാബ്ദത്തിലേറെക്കാലം കാട്ടൂർ പോലീസ് സ്റ്റേഷനുവേണ്ടി കെട്ടിടം നിർമ്മിച്ച് ചുരുങ്ങിയ വാടകയ്ക്ക് നല്കിയതും പള്ളിതന്നെ. കാട്ടൂരിലെ ഇലക്ട്രിസിറ്റി ഓഫീസ് ആദ്യം സ്ഥാപിതമായതും ഈ കെട്ടിടത്തിലായിരുന്നു.

## കപ്പേളകൾ

ഈ ഇടവകാംഗമായ റവ. ഫാ. പോൾ ആലപ്പാട്ട് (Sr.) 1950-ൽ ഇവിടെ വികാരിയായിരിക്കെ സിമിത്തേരിക്കകത്ത് ഒരു കപ്പേള പണി തുടങ്ങുകയും റവ. ഫാ. ജോൺ ചിറയത്തിന്റെ ഒദ്യോഗിക കാലഘട്ടത്തിൽ പൂർത്തീകരിക്കുകയും ചെയ്തു. കാട്ടൂർ പള്ളി ശതാബ്ദിയാഘോഷത്തോടനുബന്ധിച്ച് 1951 ഒക്ടോബർ 30-ന് പ്രസ്തുത കപ്പേളയും പള്ളിയുടെ മുമ്പിൽ സ്തംഭത്തിന്മേൽ സ്ഥാപിച്ച തിരുഹൃദയരൂപവും അഭിവന്ദ്യപിതാവ് റൈറ്റ് റവ. ഡോ. ജോർജ്ജ് ആലപ്പാട്ട് തിരുമനസ്സുകൊണ്ട് ആശീർവദിച്ചു.

ഇല്ലിക്കാട് ഭാഗത്തുണ്ടായിരുന്ന ഈ ഇടവകക്കാരുടെ ചിരകാലാഭിലാഷം കണക്കിലെടുത്ത് വി. സെബസ്ത്യാനോസിന്റെ നാമധേയത്തിൽ വാടച്ചിറയിൽ സമുദായം വക സ്ഥലത്ത് ഒരു കപ്പേള പണിയുവാൻ അനുവദിക്കുകയും 1952 ജനുവരി 29-ന് പ്രസ്തുത കപ്പേള ആശീർവദിക്കുകയും ചെയ്തു. ഇപ്പോളത് വാടച്ചിറ ഇടവകയുടെ പരിധിയിലാണ്.



വി.കൊച്ചുത്രേസ്യയുടെ കപ്പേള



വാ. എവുപ്രാസ്യമ്മയുടെ കപ്പേള

## കോൺവെന്റ്, കോളേജ്



ഹോളിഫാമിലി കാർമ്മൽ ഭവൻ

ആദ്ധ്യാത്മിക രംഗത്ത് കൂടുതൽ ചൈതന്യം നല്കുന്നതിന് ഒരു സന്യാസിനി ഭവനം സ്ഥാപിക്കുകയെന്ന അഭിലാഷം 1972 ഏപ്രിൽ 16-ന് പൂർത്തീകരിക്കപ്പെട്ടു. ആലപ്പാട്ട് പാലത്തിങ്കൽ മാത്തുവിന്റെ മക്കൾ ബഹുമാന്യ വൈദികരായ പൗലോസച്ചൻ, ജൂലിയസച്ചൻ, അന്തോണിയച്ചൻ എന്നിവർ തങ്ങളുടെ തറവാട്ടുപുര കർമ്മലീത്ത സന്യാസിനി മഠം (ഹോളി ഫാമിലി കാർമ്മൽ ഭവൻ) സ്ഥാപിക്കാൻ രൂപതയ്ക്കു നല്കിയതോടെയാണ് അത് സഫലമായത്. അതിനോടനുബന്ധിച്ച് ക്രമേണ പാരലൽ കോളേജ്, എവുപ്രാസിയ ബി. എഡ് കോളേജ്, നേഴ്സറി അദ്ധ്യാപക പരിശീലന കേന്ദ്രം തുടങ്ങിയവ ആരംഭിച്ച് ഭംഗിയായി പ്രവർത്തിക്കുന്നു. വാഴ്ത്തപ്പെട്ട മദർ എവുപ്രാസിയ CMC ഈ ദേശവാസിയാണ്.

1986-ൽ സിമിത്തേരി പുനർനിർമ്മാണം റവ. ഫാ. ജോയി കടമ്പാട്ടിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. 1988-ൽ ആയിരുന്നു വാടച്ചിറ പള്ളിയുടെ നിർമ്മാണം.



എവുപ്രാസിയ B.Ed. കോളേജ്